## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1178.** **06.06.2018 ൽ മറുപടിയ്ക്ക്**

## എക്സൈസ് വകുപ്പ് പിടിച്ചെടുത്ത വസ്തുക്കൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് മറ്റു വകുപ്പുകളുമായി സഹകരിച്ച് എത്ര തുകയുടെ മൂല്യമുള്ള ലഹരി വസ്തുക്കൾ,കുഴൽപ്പണം, സ്വർണ്ണം,വെള്ളി,മദ്യം, വാഹനങ്ങൾ എന്നിവ പിടികൂടിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടുകൂടി 1,04,08,450/-രൂപ മൂല്യമുള്ള കഞ്ചാവ്, 1,32,21,430/-രൂപ വിലയുള്ള വിദേശ മദ്യം, 1,39,81,480/-രൂപ മൂല്യമുള്ള പുകയില ഉത്പന്നങ്ങൾ, 11,000/- രൂപ മൂല്യമുള്ള മയക്കുമരുന്ന്, 18,41,58,320/- രൂപ മൂല്യമുള്ള സ്വർണ്ണം, 23,10,690/- രൂപ മൂല്യമുള്ള വെള്ളി, 1,36,87,077/- രൂപ മൂല്യമുള്ള വാഹനങ്ങൾ, 1,93,53,000/- രൂപയുടെ കുഴൽപ്പണം എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | പിടിച്ചെടുത്ത വാഹനങ്ങളുടെയും തൊണ്ടി സാധനങ്ങളുടെയും സൂക്ഷിപ്പുകാർ ആരെല്ലാമെന്നും, ഇവ ഉപയോഗപ്രദമായി സർക്കാരിനു മുതൽക്കൂട്ടാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | (ബി) | അബ്കാരി കേസ്സുകളിൽ കണ്ടെടുക്കുന്ന തൊണ്ടി വകകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുമ്പാകെ ഹാജരാക്കുകയും ആയതിന്റെ സൂക്ഷിപ്പ് റെയിഞ്ച് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ കണ്ടെടുക്കുന്ന ലഹരി വസ്തുക്കൾ കോടതി നിർദ്ദേശാനുസരണം എ.ആർ. ക്യാമ്പുകളിൽ സൂക്ഷിക്കുകയും വാഹനങ്ങൾ ബഹു. കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്യുന്നു. അബ്കാരി കേസ്സിൽ ഉൾപ്പെട്ട തൊണ്ടിവകകൾ അബ്കാരി നിയമം പ്രകാരവും, എൻ.ഡി.പി.എസ്. കേസ്സുകളിലെ വാഹനങ്ങൾ എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും കണ്ടുകെട്ടി ലേലം ചെയ്തുവരുന്നു. പിടിച്ചെടുത്ത സ്പിരിറ്റ് കണ്ടുകെട്ടി കേരള അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾ റൂൾ പ്രകാരം കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്ക് പൊതുമേഖല ഡിസ്റ്റിലറികൾ, മറ്റ് ഡിസ്റ്റിലറികൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിവർക്ക് വിൽക്കുകയും ചെയ്തുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇക്കാലയളവിൽ ഇപ്രകാരം എത്ര തുക സർക്കാരിനു മുതൽ കൂട്ടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (സി) | 1,43,96,546/- രൂപ മുതൽ കൂട്ടാൻ കഴിഞ്ഞു. |
| (ഡി) | ആയതിനു നിലവിലെ നിയമവ്യവസ്ഥ പര്യാപ്തമാണോ എന്നും ഇല്ലെങ്കിൽ ഇവ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ശേഷം സർക്കാരിന് മുതൽ കൂട്ടാൻ വേണ്ട നിയമനിർമ്മാണം നടത്തുമോ എന്നും വ്യക്തമാക്കാമോ ? | (ഡി) | അബ്കാരി കേസ്സുകളുടെ തൊണ്ടിവകകൾ തീർപ്പാക്കൽ സംബന്ധിച്ച് നിലവിലെ നിയമ വ്യവസ്ഥ പര്യാപ്തമാണ്. എന്നാൽ എൻ.ഡി.പി.എസ്. കേസ്സുകളിൽ പിടിച്ചെടുക്കുന്ന തൊണ്ടിവകകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥയിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്റ്റ് ഒരു കേന്ദ്ര നിയമമാകയാൽ എൻ.ഡി.പി.എസ്. നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |

**സെക്ഷൻ ഓഫീസർ**